# ദൈവകൃപ തർക്കിച്ചു വാങ്ങിയെടുക്കാൻ പറ്റുന്നതാണോ

**മത്താ. 15: 21–28**

ഫാ. ജോസഫ് ആലഞ്ചേരി

ഗനേസറത്തെത്തിയ ഈശോയുടെ ചുറ്റും ജനം തിങ്ങിക്കൂടുകയായിരുന്നു. അതിനിടയിലാണ് പാരമ്പര്യത്തെക്കുറിച്ചും ശുദ്ധീകരണത്തെക്കുറിച്ചുമൊക്കെയുള്ള തർക്കവുമായി ഫരിസേയർ വന്നത്. എല്ലാംകൂടി സംഘർഷ ഭരിതമായ സാഹചര്യത്തിൽനിന്ന് അല്പസമയത്തേക്ക് ഒന്നു മാറി നിൽക്കാം എന്നു കരുതിയാണ് കഫർണാമിൽനിന്ന് ഏകദേശം നാല്പതുകിലോമീറ്റർ അകലെയുള്ള ടയിറിൽ ഈശോ എത്തുന്നത്. ‘ആരും തന്നെ തിരിച്ചറിയാതിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു’ എന്നാണ് മർക്കോസ് (7:24) പറയുന്നത്. അതിനാൽ അവൻ ഒരു വീട്ടിൽ കയറി. എന്നാൽ വി. മത്തായിയുടെ വിവരണപ്രകാരം ഈ സംഭവം നടക്കുന്നത് ടയിർ-സീദോൻ പ്രദേശത്തു കൂടെ അവിടുന്ന് യാത്ര ചെയ്യുമ്പോഴാണ്. ആധുനികലബനോന്റെ ഭാഗമായ ടയിറും സീദോനും വിഗ്രഹാരാധനയ്ക്ക് യഹൂദരുടെയിടയിൽ കുപ്രസിദ്ധി നേടിയ സ്ഥലങ്ങളായിരുന്നു. മെഡിറ്ററേനിയൻ കടലിന്റെ സമീപത്തുള്ള ഈ പട്ടണങ്ങളിൽ ഗ്രീക്ക് സംസ്കാരത്തിന്റെ ശക്തമായ സ്വാധീനമുണ്ടായിരുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ പടയോട്ടത്തിന്റെ ഫലമായാണ് ഗ്രീക്കുസംസ്കാരം പ്രബലമാകുന്നത്. ഇവിടുത്തെ യഥാർത്ഥ നിവാസികൾ കാനാൻകാരായിരുന്നു. പിന്നീട് ഈ സ്ഥലങ്ങളെല്ലാം കൂടി ഫിനീഷ്യ എന്നറിയപ്പെട്ടു. ഈ തുറമുഖപ്രദേശങ്ങൾ സിറിയയുടെ അതിർത്തി ആയിരുന്നു താനും. ഇതെല്ലാം ഓർത്താണ് വി. മർക്കോസ് മകളെ സുഖപ്പെടുത്തണം എന്നു പറഞ്ഞ് എത്തിയ സ്ത്രീ സീറോ-ഫിനീഷ്യൻ വംശത്തിൽപ്പെട്ട ഗ്രീക്കുകാരിയായിരുന്നു എന്നു പറയുന്നത്. ഒരുപാട് ചരിത്രം ആ വിവരണത്തിൽ ഉറങ്ങിക്കിടപ്പുണ്ട്.

വി. മത്തായി പക്ഷേ ‘അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്ന് കരഞ്ഞപേക്ഷിച്ചു’ എന്നു മാത്രമേ പറയുന്നുള്ളൂ. കൂടുതൽ വിവരണങ്ങളില്ല. എന്നാൽ ഈ വിവരണം തന്നെ അധികമാണ്. ഗ്രീക്കു സംസാരിക്കുന്ന കാനാൻകാരി എന്നു പറഞ്ഞാൽ പാരമ്പര്യവും ശുദ്ധിയുമില്ലാത്തവൾ എന്നർത്ഥം. (മുമ്പ് ഫരിസേയരുമായി നടന്ന തർക്കം പാരമ്പര്യത്തെയും ശുദ്ധിയെയും കുറിച്ചായിരുന്നു എന്നു നാം മറക്കരുത്. സ്ത്രീക്ക് യഹൂദർ നല്കിയിരുന്ന വില കൂടി ഓർക്കുമ്പോൾ കാനാൻകാരി സ്ത്രീ വിരുദ്ധഅർത്ഥങ്ങളുടെ പ്രതീകമായി മാറുന്നു. പാരമ്പര്യവും ശുദ്ധിയുമുള്ള ഫരിസേയരുടെ വിശ്വാസത്തിനു

നേരേയാണ് അനന്തജ്ഞാനിയായ മിശിഹാ തമ്പുരാൻ ഈ പാവപ്പെട്ട കാനാൻകാരിയെ തിരിച്ചുനിറുത്തുന്നത്. വിജാതീയരുടെ വിശ്വാസത്തിന്റെ കണ്ണാടിയിലൂടെ നിങ്ങളുടെ വിശ്വാസത്തിന്റെ മുഖച്ഛായയെ മനസ്സിലാക്കുവിൻ എന്നാണ് അവിടുന്ന് യഹൂദരോടു പറഞ്ഞത്) ദേവതകളുടെ പേരിൽ അനേകം ക്ഷേത്രങ്ങൾ പണിത കാനാൻകാർ ഇസ്രായേൽക്കാരെപ്പോലും വഴിതെറ്റിക്കുന്നത് പഴയനിയമത്തിൽ നാം കാണുന്നുണ്ട്. ഏതു ജനവുമായും കൂടിക്കലരുന്നതിന് അവർക്ക് മടിയില്ലായിരുന്നു താനും. അതിനാലാണ് യഹൂദരുടെ ദൃഷ്ടിയിൽ അവർ പാരമ്പര്യവും ശുദ്ധിയുമില്ലാത്തവരും 'നായ്ക്കളു'മായത്. 'നായ' എന്ന വാക്കിലൂടെ കാനാൻകാരോടുള്ള സർവ്വ അമർഷവും യഹൂദർ പ്രകടിപ്പിച്ചിരുന്നു. എന്നാൽ നായ പന്നിയെപ്പോലെ നിഷിദ്ധമായ മൃഗമായിരുന്നില്ല. ജനക്കൂട്ടത്തിന്റെ കൂടെ ശബ്ദമുണ്ടാക്കാതെ പോന്നതിന് പുറപ്പാടിന്റെ പുസ്തകം നായ്ക്കളെ പ്രശംസിക്കുന്നുണ്ട്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ നായ്ക്കളെ കഥാപാത്രങ്ങളായാണ് ഈശോ അവതരിപ്പിക്കുന്നത്. അതിനാൽ ചില സന്ദർഭങ്ങളിലെങ്കിലും 'നായ' എന്ന പ്രയോഗത്തിന് അമർഷത്തേക്കാൾ ലഘുവായ പരിഹാസത്തിന്റെ ധ്വനിയുമുണ്ടായിരുന്നു എന്നു മനസ്സിലാക്കാം.

പിശാചുബാധിതയായ തന്റെ മകളെ സുഖപ്പെടുത്താൻ കഴിവുള്ള ഈ ഭൂമുഖത്തെ ഏകവ്യക്തി മിശിഹാ മാത്രമാണ് എന്ന അപാരവും അടിയുറച്ചതുമായ വിശ്വാസത്തിലാണ് അനേകദേവന്മാരുടെ നാട്ടിൽനിന്ന് ആ സ്ത്രീ കരഞ്ഞുകൊണ്ട് ഓടിയെത്തുന്നത്. ദൈവത്തിന്റെ വിശ്വരൂപം മിശിഹായിലുണ്ടെന്നു പൂർണബോധ്യം വന്ന സ്ത്രീയായിരുന്നു അവർ. അതിനാൽ വലിച്ചെറിഞ്ഞാൽ പോലും പോകാത്തവിധം ഉടുമ്പിന്റെ തീവ്രതയോടെയാണ് അവൾ കർത്താവിനെ അള്ളിപ്പിടിച്ചത്. വിജാതീയരുടെ അപ്പസ്തോലൻ പറയുന്നതുപോലെ എത്ര പണ്ടേ അവൾ ഹൃദയത്തിൽ പരിച്ഛേദിതയായിരുന്നു!; യഹൂദപുത്രിയായി മാറിക്കഴിഞ്ഞിരുന്നു! അങ്ങനെയാണ് അവൾ അവിടുത്തെ വിളിക്കുന്നത്:''കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ'' വി. മർക്കോസിന്റെ സുവിശേഷത്തിൽ ഈശോയെ 'കർത്താവേ' എന്നു സംബോധന ചെയ്യുന്നത് ഇവൾ മാത്രമാണെന്നുകൂടി ഓർക്കുക.ഈശോ ദാവീദിന്റെ പുത്രനാണെന്നും സർവ്വലോകത്തിന്റെയും രക്ഷകനാണെന്നും ആ സ്ത്രീ നേരത്തേതന്നെ മനസ്സിലാക്കിയിരുന്നു. മലയിലെ പ്രസംഗം കേൾക്കാൻ ''ടയിർ, സീദോൻ എന്നീ തീരപ്രദേശങ്ങളിൽനിന്നും വന്ന വലിയ ജനസമൂഹവും അവിടെ ഒരുമിച്ചുകൂടി'' (ലൂക്കാ 6:17) എന്ന് ലൂക്കാസുവിശേഷകൻ പറയുന്നുണ്ട്. ആ സ്ത്രീയോ ഇവളുടെ അടുത്ത സുഹൃത്തുക്കളോ അവിടെയുണ്ടായിരുന്നു എന്നത് നിസ്സംശയമാണ്. അവന്റെ വാക്കുകളെ ക്കുറിച്ചും അദ്ഭുതങ്ങളെക്കുറിച്ചും കേട്ട ഉറപ്പിലും വിശ്വാസത്തിലുമാണ് തന്റെ കുഞ്ഞിനെ സുഖപ്പെടുത്തണം എന്ന് അവൾ കാൽക്കൽവീണ്

അപേക്ഷിച്ചത്. തന്റെ കുഞ്ഞിന്റെ ദുരിതത്തിൽ നൊമ്പരപ്പെടുന്ന നിസ്സഹായായ ഒരു സ്ത്രീയുടെ ചിത്രം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. തന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാനുള്ള ഉൾവെളിച്ചം ആ അമ്മയ്ക്കുണ്ടായിരുന്നു എന്നു നാം തിരിച്ചറിയുന്നു. പെൺകുട്ടികൾ വഴിതെറ്റിപ്പോകുന്നത് അറിയാൻ പറ്റുന്നില്ല എന്നു വിലപിക്കുന്ന അമ്മമാരുടെ ലോകത്ത് കാനാൻകാരി സ്ത്രീ വലിയ മാതൃകയായി നിലകൊള്ളുന്നു.

മകളുടെ രോഗത്താൽ അസ്വസ്ഥമായ മനസ്സോടെയാണ് എത്തിയതെങ്കിലും അവൾ അപാരധൈര്യശാലിയും വിവേകിയുമായ സ്ത്രീയായിരുന്നു. മർക്കോസിന്റെ സുവിശേഷ പ്രകാരം ഈശോ ഒരു യഹൂദഭവനത്തിലിരിക്കുകയാണ്. അവിടേക്കാണ് അവൾ ധൈര്യപൂർവ്വം കടന്നുചെല്ലുന്നത്. വിജാതീയരും യഹൂദരും തമ്മിലുള്ള വ്യത്യാസത്തിന്റെ സ്വാഭാവികഅപകർഷത അവൾ ഗൗനിക്കുന്നേയില്ല. ഒരു പുരുഷന്റെ പോലും തുണയില്ലാതെ ധൈര്യപൂർവ്വം അവൾ കർത്താവിന്റെ അടുത്തെത്തുന്നു. വി.മത്തായിയുടെ സുവിശേഷപ്രകാരം മൂന്നു പ്രാവശ്യം ഈശോ അവളെ പരിഗണിക്കാതിരിക്കുന്നുണ്ട്. 'അത്തിമരത്തിന്റെ ചുവട്ടിൽ ഇരുന്നപ്പോഴേ നിന്നെ ഞാൻ കണ്ടിരുന്നു' എന്നു നഥാനിയേലിനോടു പറഞ്ഞ ഈശോ അവിടുത്തെ മൂന്നാം കണ്ണുകൊണ്ട് ഈ സ്ത്രീയെ കണ്ടിരുന്നു എന്നു വ്യക്തം. അവളുടെ വിശ്വാസത്തിന്റെ ആഴം ചുറ്റുമുള്ളവർക്കു മുമ്പിൽ വെളിപ്പെടുത്താനാണ് മൂന്നു പ്രാവശ്യം ഈശോ അവളെ പരീക്ഷിച്ചത്. പത്രോസിനെയും മൂന്നു പ്രാവശ്യം 'നീ എന്നെ സ്നേഹിക്കുന്നോ' എന്നു ചോദിച്ച് അവിടുന്ന് പരീക്ഷിക്കുന്നുണ്ടല്ലോ!

എന്നാൽ കാനാൻകാരി സ്ത്രീയുടെ പക്ഷത്തുനിന്നു നോക്കുമ്പോൾ ഇതൊരു വലിയ യുദ്ധമാണ്. യാക്കോബ് ദൈവദൂതനുമായി ഏറ്റുമുട്ടി 'എന്നെ അനുഗ്രഹിക്കാതെ നിന്നെ ഞാൻ വിടില്ല' എന്നു വാശിപിടിച്ച് ഇസ്രായേൽ (ദൈവവുമായി മല്ലിടുന്നവൻ) ആയി മാറിയതുപോലെ സാക്ഷാൽ മിശിഹാതമ്പുരാനുമായി ഏറ്റുമുട്ടി കാനാൻകാരി സ്ത്രീ പുതിയ ഇസ്രായേലിന്റെ പ്രതീകമായി നിൽക്കുന്നു. 'സ്നാപകയോഹന്നാന്റെ കാലം മുതൽ സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിധേയപ്പെടുന്നു' എന്ന തിരുവചനത്തിന്റെ പ്രതിധ്വനി ഈ സംഭവത്തിൽ മുഴങ്ങുന്നില്ലേ? സ്ഥിരതയോടെ പ്രാർത്ഥിച്ച വിധവയായ സ്ത്രീയുടെ ഉപമ നമ്മൾ ഓർക്കുന്നു. ഒരു 'നോ'യ്ക്കും അവളെ പിന്തിരിപ്പിക്കാനാകുന്നില്ല. ഗ്രീക്കുകാരുടെ ധൈഷണിക പാടവത്തോടെ അവൾ ദൈവവുമായി തർക്കിക്കുന്നു! (ഈശോയുമായി തർക്കിച്ചും പരിഭവം പറഞ്ഞും അനുഗ്രഹം നേടുന്ന വി. കൊച്ചുത്രേസ്യായെയും വി. അൽഫോൻസാമ്മയെയും ഓർക്കുക). 'മക്കൾക്കുള്ളത് നായ്ക്കൾക്കു കൊടുക്കാനാകില്ല' എന്നു പറഞ്ഞ ഈശോയുടെ ഉപമയെ ആ ഉപമയുടെ വിശദീകരണംകൊണ്ട് അവൾ ഖണ്ഡിച്ചു; അതീവ വിനയത്തോടെയും, അപാരമായ സാമർത്ഥ്യത്തോടെയും, കർത്താവേ, മക്കളുടെ വീതം എനിക്കു വേണ്ട,

നായ്ക്കൾക്കുള്ളതെങ്കിലും തന്നുകൂടേ? ദൈവപുത്രന്റെ മനസ്സിൽ ദയയുടെ അനേകം ഉറവകൾ അപ്പോൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടാവും. അവിടുന്ന് വാക്കുകൊണ്ടും മനസ്സുകൊണ്ടും ഹൃദയംകൊണ്ടും അവളെ ആശീർവദിച്ചു. അവിടുത്തെ വാക്കിന്റെ ഉറപ്പല്ലാതെ ഒരടയാളംപോലും അവൾ ആവശ്യപ്പെടുന്നില്ലെന്നുകൂടി ഓർക്കുക. സുവിശേഷം വിജാതീയരിലേക്കു വ്യാപിപ്പിക്കണമോ എന്ന ആദിമസഭയുടെ ആന്തരികസംഘർഷത്തിന്റെ പ്രതിധ്വനികൂടിയുണ്ട് ഇവിടെ. അപ്രതീക്ഷിതസംഭവങ്ങളുടെ നടുവിൽ, പ്രാർത്ഥനയും ദൈവാലയവും ഉപേക്ഷിക്കുന്നവരുടെ മുമ്പിൽ ധീരയായ ഈ സ്ത്രീ മാതൃകയായി പ്രത്യക്ഷപ്പെടുന്നു.

# ഈശോ പ്രശംസിച്ച വിശ്വാസവുമായി ഒരു കാനാൻകാരി

റവ.ഫാ. ജോസഫ് തടത്തിൽ

നിങ്ങൾ വിജാതീയരുടെ അടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കയുമരുത്. പ്രത്യുത ഇസ്രായേൽവംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ'' (മത്താ.10:15–5) എന്ന ആഹ്വാനത്തോടെ തന്റെ അപ്പസ്തോലന്മാരെ അയച്ച ഈശോ യഹൂദ അതിർത്തിക്കു വെളിയിലെത്തിയിരിക്കുന്നു. നിയമജ്ഞരുടെയും ഫരിസേയരുടെയും ശത്രുതയിൽനിന്നും തനിക്കു ചുറ്റും കൂടുന്ന ജനാവലിയിൽനിന്നും അകന്ന് ടയിർ, സീദോൻ പ്രദേശത്ത് എത്തിയ ഈശോ, തന്നെത്തന്നെയും ശിഷ്യരെയും വരാനിരിക്കുന്ന കുരിശിന്റെ ദിവസത്തേക്ക് ഒരുക്കുവാനാഗ്രഹിച്ചു. കൂടാതെ, 'ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്' (15:24) എന്ന് ഇവിടെയും പറയുന്നുവെങ്കിലും 'അതിർത്തിലംഘനം' ലോകം മുഴുവനിലേക്കും എത്തേണ്ട സുവിശേഷത്തിന്റെ വ്യക്തമായ സൂചനകൂടിയാണ്. സുവിശേഷം ആദ്യം യഹൂദർക്കുള്ളതാണെങ്കിലും പിന്നീട് വിജാതീയർക്കു നല്കപ്പെടുക (റോമ.1:16) ദൈവികപദ്ധതിതന്നെയാണ്.

വിജാതീയരെ ക്രൈസ്തവസഭയിലേക്കു സ്വീകരിക്കുന്നതു സംബന്ധിച്ച് യഹൂദ ക്രൈസ്തവർക്കു പ്രാമുഖ്യമുണ്ടായിരുന്ന വി.മത്തായിയുടേതുപോലുള്ള ക്രൈസ്തവ സമൂഹങ്ങളിൽ ആശയക്കുഴപ്പവും തർക്കങ്ങളും നിലനിന്നിരുന്നു. കാനാൻകാരിയുടെ വിശ്വാസവും ഈശോയുടെ കാരുണ്യവും പ്രകടമാക്കുന്ന ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ ഇക്കാര്യത്തിലുള്ള ഈശോയുടെ അന്തിമനിലപാടു വ്യക്തമാക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ സുവിശേഷവത്കരിക്കപ്പെട്ട യഹൂദരിലൂടെയാണ് വിജാതീയർ സുവിശേഷത്തിലേക്കു കടന്നുവരേണ്ടത്. 'നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും' (ഉത്പ.12:3) എന്നവാഗ്ദാനം അബ്രാഹം സ്വീകരിച്ചിട്ടുള്ളതാണ്.

ഈശോ എവിടെ എത്തിയാലും അവിടെയെല്ലാം തങ്ങളുടെ ആവശ്യങ്ങളുമായി എത്തുന്ന ജനങ്ങളും ഉണ്ടായിരുന്നു. ഇവിടെ ഈശോയുടെ അടുത്തെത്തുന്ന സ്ത്രീ കാനാൻകാരിയാണെന്നു പറയുക വഴി വിജാതീയയാണെന്നു വ്യക്തമാക്കപ്പെടുന്നു. പിശാചു ബാധയേറ്റ മകൾക്കുവേണ്ടിയുള്ള അത്ഭുതത്തെക്കാൾ, സംഭാഷണത്തിനാണ് വി. മത്തായി പ്രാധാന്യം നല്കുന്നത്. എന്നാൽ പിന്നാലെയെത്തി കരഞ്ഞപേക്ഷിക്കുന്ന സ്ത്രീയെ ഈശോ ശ്രദ്ധിക്കുന്നില്ല; നിശബ്ദത പാലിക്കുക വഴി ഈശോ അവളെ അവഗണിക്കുക തന്നെയാണു ചെയ്തത്. യഹൂദകാഴ്ചപ്പാടിൽ, സ്ത്രീയും വിജാതീയരും യഹൂദരുടെ പരമ്പരാഗത ശത്രുക്കളായ കാനാൻകാരിൽപ്പെട്ടവളും എന്ന ത്രിവിധ ന്യൂനതകൾ അവൾക്കുണ്ടായിരുന്നു. ഈശോയ്ക്ക് യഥാർത്ഥത്തിൽ ചെയ്യാമായിരുന്നത് ഒന്നുമാത്രം-അവളിൽ യഥാർത്ഥ വിശ്വാസം ഉണർത്തുക. അതിനവിടുന്നു മൂന്നു കാര്യങ്ങൾ ചെയ്യുന്നു: നിശബ്ദത, തന്റെ പ്രവർത്തനപരിധിയിൽ അവളുടെ കാര്യം വരുന്നില്ലെന്ന് അറിയിക്കുക, തന്റെ പ്രവർത്തനങ്ങളുടെ നേരിട്ടുള്ള ഗുണഭോക്താക്കൾ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന് വ്യക്തമാക്കുക. കനിവു യാചിച്ചു നിലവിളിക്കുന്ന സ്ത്രീയെ ഒഴിവാക്കുവാൻ ശിഷ്യന്മാർ ആഗ്രഹിക്കുന്നത് ക്രിസ്തീയസ്നേഹമോ സഹതാപമോ മൂലമല്ല. ശല്യമായതുകൊണ്ടാണ്. ജീവൻ-മരണപോരാട്ടത്തിലേർപ്പെട്ടിരിക്കുന്നവരോ – അവർ തങ്ങളുടെ മാതാപിതാക്കളുൾപ്പെടെ യുള്ള ഉറ്റവരും ഉടയവരുമാണെങ്കിൽപ്പോലും – ഇതര കടുത്ത പ്രതിസന്ധി അഭിമുഖീ കരിക്കുന്നവരോ ആകട്ടെ, തങ്ങളുടെ സ്വൈരജീവിതത്തിനു വിഘാതം സൃഷ്ടിച്ചാൽ ശല്യമായി കണ്ട് ഒഴിവാക്കുന്നവരെ ഇന്നും കാണാം.നഷ്ടപ്പെട്ട ഇസ്രായേൽ മക്കൾക്കുവേണ്ടിയുള്ള ദൈവികദൗത്യം മറികടക്കാനാഗ്രഹിക്കാത്ത അവിടുത്തോട് തന്നെ സഹായിക്കണമെന്ന് അവൾ കേഴുന്നു. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കരുത് എന്ന കർത്താവിന്റെ മറുപടി, അത്യന്തം ആക്ഷേപകരമായി തോന്നാം; നിന്ദ്യമായ മുറിവേല്പിക്കലായി വ്യാഖ്യാനിക്കാം. പലപ്പോഴും യഹൂദർ, ധാർഷ്ട്യത്തോടെ 'വിജാതീയനായ്ക്കൾ' , 'അവിശ്വസ്തനായ്ക്കൾ', പിന്നീട് 'ക്രൈസ്തവനായ്ക്കൾ' എന്നെല്ലാം മറ്റുള്ളവരെ

വിളിച്ചിരുന്നു. നായ്ക്കളെ പൊതുവെ വൃത്തിഹീനങ്ങളും അലഞ്ഞുനടക്കുന്നവയുമായി കണ്ടിരുന്നു. ഈശോ ഇവിടെ ഉപയോഗിക്കുന്നത് വീട്ടിൽ ലാളിച്ചുവളർത്തുന്ന ഓമനനായ്ക്കൾക്കുള്ള മൃദുവാക്കായ നായ എന്നാണ്. കൂടാതെ ഒരു പ്രയോഗം നടത്തുന്നതിലെ ടോണും മുഖഭാവവും പ്രധാന വ്യത്യാസങ്ങളാണല്ലോ. ഈശോയുടെ മുഖത്തെ പ്രസന്നതയും കണ്ണുകളിലെ ആർദ്ര ഭാവവും ഈ പ്രയോഗത്തിലൂടെ മുറിവിനു പകരം സമാശ്വാസത്തിന്റെ കരസ്പർശനമാണ് സമ്മാനിക്കുക.

ഗ്രീക്കുകാർക്കു സഹജമായ നർമ്മബോധത്തോടെയാണ് അവൾ മറുപടി പറയുന്നത്: മക്കളുടെ ഭക്ഷണം നായ്ക്കൾക്കു കൊടുക്കാറില്ലെങ്കിലും അതിൽനിന്നു വീണുപോകുന്നവകൊണ്ടു നായ്ക്കളും ജീവിക്കുന്നു എന്ന സത്യം അവൾ ഏറ്റു പറയുന്നു. ഇത് അവളുടെ അനന്യമായ വിശ്വാസപ്രഖ്യാപനം തന്നെയാണ്.കാനാൻകാരി സ്ത്രീ ഇന്നത്തെ സുവിശേഷഭാഗത്തു ശ്രദ്ധേയയാകുന്നത് പലവിധ കാരണങ്ങളാലാണ്. അമ്മയുടെ സ്നേഹം യഥാർത്ഥ രൂപത്തിൽ അവളിൽ കാണാം. അതുവഴി മക്കളോടു ദൈവപിതാവിനുള്ള സ്നേഹമാണ് അവൾ പ്രതിഫലിപ്പിക്കുന്നത്. അവളുടെ കുട്ടിയുടെ വേദന അവളുടെ തന്നെ വേദനയായി. ആ സ്നേഹം അപരിചിതനെ സമീപിക്കുവാനും ആവർത്തിച്ച് കരുണയും സഹായവും പ്രണമിച്ചപേക്ഷിക്കാനും പ്രേരണയായി. അവഗണനയും ആക്ഷേപവും ഉൾപ്പെടെയുള്ള ബാഹ്യതിരിച്ചടികൾ സ്വീകരിക്കാനും വാക്കിനതീതമായി ഈശോയിൽ ആർദ്രത കാണാനും പ്രേരിപ്പിച്ചു. രണ്ടാമതായി, അവളുടെ വിശ്വാസം മിശിഹായോടുള്ള ബന്ധത്തിൽ വളർന്നു. ഭൗതികപ്രതാപിയും ശക്തനായ അത്ഭുതപ്രവർത്തകനുമായി കണ്ട് ഈശോയെ 'ദാവീദിന്റെ പുത്രാ' എന്നവൾ വിളിച്ചുതുടങ്ങി. എന്നാൽ 'കർത്താവേ' എന്ന വിളിയിൽ അനുഭവത്തിലൂടെ അവൾ എത്തിച്ചേർന്നു. വലിയ മനുഷ്യനോടുള്ള അപേക്ഷ വിവരിക്കാനാവാത്ത അനുഭവത്തിലൂടെ കടന്നുപോയപ്പോൾ ജീവിക്കുന്ന ദൈവത്തോടുള്ള പ്രാർത്ഥനയായി മാറി. അവസാനമായി, നിരുത്സാഹം ബാധിക്കാത്ത പ്രത്യാശയോടെ അവൾ പ്രാർത്ഥിച്ചു. പലരും ലഭ്യമായ അവസരങ്ങളിൽ പ്രാർത്ഥിക്കും. എന്തെങ്കിലും സാധ്യമാണെങ്കിൽ സംഭവിക്കട്ടെ എന്ന ചിന്തയോടെ. ഈ സ്ത്രീക്ക് ഈശോ സാധ്യതയുള്ള ഒരു സഹായകനല്ല, ഏക പ്രതീക്ഷയും പരമപ്രതീക്ഷയുമാണ്. 'ഈശോയ്ക്കു സാധിക്കും, അവനു മാത്രമേ സാധിക്കൂ' എന്ന അതിരറ്റ പ്രത്യാശയുടെ ഉടമയാണവൾ.മരുഭൂമിയിൽ ഈശോ നേരിട്ട മൂന്നു പരീക്ഷണങ്ങളെ അനുസ്മരിപ്പിക്കുന്ന അവസ്ഥയിലാണവൾ. പരീക്ഷണങ്ങളെ അതിജീവിച്ച ഈശോയെ ദൈവദൂതന്മാർ ശുശ്രൂഷിച്ചു. അതേ ഈശോയാൽ കാനാൻകാരി അടിയുറച്ച വിശ്വാസത്തിന്റെപേരിൽ പ്രശംസിക്കപ്പെടുന്നു. അവളുടെ വിശ്വാസതീവ്രത അവിടുത്തെ കണ്ണുകൾ ജ്വലിപ്പിച്ചു. തീവ്രമായി അവൾ ആഗ്രഹിച്ചതും അപേക്ഷിച്ചതും കർത്താവ് അവൾക്കു നല്കി.

# നിന്റെ വിശ്വാസം വലുതാണ്

റവ. ഫാ. കുര്യൻ തടത്തിൽ

കാനാൻകാരി, ഈശോമിശിഹായിലുള്ള 'വലിയവിശ്വാസ' (വാക്യം.28) ത്തിന്റെശക്തി കൊണ്ടുമാത്രം സമ്പാദിച്ച സൗഖ്യാനുഭവത്തിന്റെ ജ്വലിക്കുന്ന സാക്ഷ്യമാണ് വി.മത്തായി തന്റെ സുവിശേഷത്തിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. പിശാചിനാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ട തന്റെ മകളെ ബാധയിൽനിന്നു മോചിപ്പിക്കണമെന്ന അപേക്ഷയുമായാണ് കാനാൻകാരി ഈശോയെ സമീപിക്കുന്നത്.

എന്നാൽ ഈശോ ഈ വിജാതീയ സ്ത്രീയോട് ഒരു വാക്കുപോലും പറയുന്നില്ല; നിലവിളി ഗൗനിക്കുന്നുമില്ല. അവളുടെ നിലവിളി ശല്യമായി തോന്നിയ ശിഷ്യരാണ് ഇക്കാര്യം ഈശോയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അപ്പോഴും ഈശോയുടെ പ്രതികരണം അവൾക്കനുകൂലമല്ല. 'ഇസ്രായേൽഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. (വാക്യം.24) എന്ന ഈശോയുടെ മറുപടിയിൽനിന്നു താൻ ഇസ്രായേൽ കുടുംബത്തിലെ വഴിതെറ്റിയ മക്കൾക്കു മാത്രമുള്ളതാണല്ലോ. എന്നാണ് ധ്വനി. നഷ്ടപ്പെട്ട ആടുകൾ ഇസ്രായേലാണ് (ഏശ.53:6 ആടുകളെപ്പോലെ നമുക്കു വഴി തെറ്റിയിരിക്കുന്നു). ഈശോ ഇസ്രായേൽക്കാരുടെ ഇടയനാണെന്നു സ്വയം വെളിപ്പെടുത്തുകയാണ്. ഇസ്രായേൽ കുടുംബാംഗമല്ലാത്ത കാനാൻകാരി തിരസ്കരണങ്ങൾകേട്ട് പിൻവാങ്ങാൻ ഉദ്ദേശിക്കുന്നില്ല. ആ സ്ത്രീ ഈശോയെ പ്രണമിച്ച് 'കർത്താവേ, എന്നെ സഹായിക്കണമേ' എന്നപേക്ഷിച്ചു. പക്ഷേ അതിനും തിരസ്കരണം തന്നെ മറുപടി. ഈശോ പറഞ്ഞു: ''മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല'' (വാക്യം 26). ഇസ്രായേൽക്കാരാണു മക്കൾ; വിജാതീയർ നായ്ക്കളും. നായ്ക്കളുടെ തുല്യതയിലേക്കു തള്ളപ്പെട്ട വിജാതീയ സ്ത്രീ ഇതുകൊണ്ടൊന്നും പിൻവാങ്ങുന്നില്ല എന്നതാണു ശ്രദ്ധേയം. അവർ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ. ഈശോയുടെ വലിയൊരു പ്രശംസയാണ് മറുപടിയായി അവൾക്കു ലഭിച്ചത്.

''സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ'' (വാക്യം 28). ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി എന്നു സുവിശേഷം സാക്ഷ്യപ്പെടുത്തുകയാണ്. ഫ്രീശർക്കും നിയമജ്ഞർക്കുമുള്ള ഇടുങ്ങിയ ചിന്താഗതിയിൽനിന്ന് ഏറെ വ്യത്യസ്തമാണ് ഈശോയുടെ ഹൃദയവിശാലത. തന്റെ ദൗത്യം പ്രധാനമായും ഇസ്രായേലിൽ കേന്ദ്രീകരിച്ചുള്ളതാണെന്ന അവബോധം ഉണ്ടായിരുന്നിട്ടുകൂടി ഈശോ പ്രേഷിതപ്രവർത്തനങ്ങളുമായി വിജാതീയ പ്രദേശങ്ങളിലേക്കു പോവുകയാണ്. ദൈവം ഈശോയെ ഇസ്രായേൽക്കാരുടെ പക്കലേക്ക് അയയ്ക്കുന്നെങ്കിലും, അവിടുത്തെ രക്ഷാകരസുവിശേഷം വിജാതീയരെക്കൂടി ഉദ്ദേശിച്ചുള്ളതാണെന്നു സ്ഥിരീകരിക്കുകയാണിവിടെ. കാനാൻകാരിയുടെ വിശ്വാസത്തിന്റെയും യുക്തിയുടെയും ബലത്തിൽ അവളുടെ അപേക്ഷ ഈശോയുടെ മുമ്പിൽ സ്വീകാര്യമാവുകയാണ്. ഇസ്രായേൽക്കാർക്കുള്ള മുൻഗണന അവൾ അംഗീകരിക്കുന്നു. അവകാശവാദങ്ങളല്ല, ഈശോയുടെ നന്മയും കരുണയുമാണ് അവൾ ആവശ്യപ്പെടുന്നത്. അവളുടെ ദൃഢമായ വിശ്വാസത്തിന്റേയും ന്യായത്തിന്റേയും മുമ്പിൽ അവളുടെ ആവശ്യം നിറവേറ്റിക്കൊടുക്കാതെ ഒഴിഞ്ഞുമാറാൻ ഈശോയ്ക്കു സാധ്യമല്ല. ഈശോ അവളുടെ വിശ്വാസദാർഢ്യം കണ്ടാണ് അവളുടെ മകളെ സുഖപ്പെടുത്തുന്നത്.

കാനാൻകാരി വിജാതീയസ്ത്രീയുടെ 'വലിയ വിശ്വാസം' (വാക്യം.28) ഹൃദയത്തിലേറ്റു വാങ്ങി, വലിയ സൗഖ്യവും രക്ഷയും അനുഭവിക്കാൻ ഭാഗ്യംകൊണ്ട വിശുദ്ധ ജനപദമാണ് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഇസ്രായേലായ നാം. വിശ്വാസത്തിൽ അല്പത്വമുള്ളവർക്ക് ദൈവാനുഭവം ഉണ്ടാകുന്നില്ല. ഹൃദയപരമാർത്ഥതയില്ലാത്ത പ്രാർത്ഥനകൾ അധര വ്യായാമങ്ങൾ മാത്രമായി നിലനില്ക്കുന്നു. ദൃഢമായ വിശ്വാസത്തിൽനിന്നുദ്ഭൂതമാകുന്ന മനുഷ്യ ഹൃദയസ്പന്ദനങ്ങൾ ദൈവം കേൾക്കും, ഉടനടി ഉത്തരം തരികയും ചെയ്യും.